03-09-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/09/2022.

1. കൃഷിവകുപ്പിന്റെ **ഓണസമൃദ്ധി 2022** കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 3-ന്) വൈകുന്നേരം 5 മണിക്ക് പാളയം ഹോർട്ടികോർപ്പ് വിപണിയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും.

2. പത്തനംതിട്ട, പന്തളം കരിമ്പ് വിത്തുത്പാദന കേന്ദ്രത്തിൽ പുനർജ്ജനി പദ്ധതിയുടെ ഭാഗമായി 165 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെ പൂർത്തീകരണ ഉദ്ഘാടനം ഇന്ന് രാവിലെ 9 മണിക്ക് കരിമ്പ് വിത്തുത്പാദന കേന്ദ്രത്തിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിക്കും.

3. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണവിപണിയോടനുബന്ധിച്ച് സെപ്റ്റംബർ 07 വരെ എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ മൊബൈൽ യൂണിറ്റുകൾ വഴി പഴം -പച്ചക്കറികൾ വിതരണം നടത്തും. ഏകീകൃത ഡിസൈനിലുള്ള മൊബൈൽ യൂണിറ്റുകൾ ജില്ലകളിലെ എല്ലാ നിയോജക മണ്ഡലങ്ങളും കവർ ചെയ്യുന്ന തരത്തിൽ ഒരാഴ്ച പ്രവർത്തിക്കുന്നതായിരിക്കും. സഞ്ചരിക്കുന്ന ഹോർട്ടി സ്റ്റോറുകൾ വഴി പഴം പച്ചക്കറികളും കർഷക കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ തേൻ, തേനുൽപ്പന്നങ്ങൾ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളായ കേരജം വെളിച്ചെണ്ണ, മറയൂർ ശർക്കര, കേര ഉൽപ്പന്നങ്ങൾ, കുട്ടനാടൻ അരി, കൊടുമൺ അരി എന്നിങ്ങനെ ഓണക്കാലത്ത് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്.

4. രാജ്യത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയായ പി എം കിസാൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം ഗുണഭോക്താക്കളായ കർഷകർക്ക് വർഷത്തിൽ 3 തവണയായി 6000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കർഷകർ അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതാണ്. ഇതിന്റെ ആദ്യ പടിയായി പി എം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കിസാൻ ഗുണഭോക്താവ് അവരവരുടെ സ്വന്തം കൃഷി ഭൂമിയുടെ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ 'എയിംസ് (AIMS) പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പി എം കിസാൻ ആനുകൂല്യം തുടർന്ന് ലഭ്യമാകുന്നതിനായി എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും **സെപ്റ്റംബർ 07**-ന് മുൻപായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ അടിയന്തരമായി ചേർക്കേണ്ടതാണ്. കൂടാതെ പി എം കിസാനിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് e-KYC നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 07-ന് മുൻപായി നേരിട്ട് പി എം കിസാൻ പോർട്ടൽ വഴിയോ അക്ഷയ സി. എസ്. സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ e-KYC ചെയ്യേണ്ടതാണ്.

5. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീര വികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധന സംവിധാനവും, ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ സെപ്റ്റംബർ 7 വരെ സംഘടിപ്പിക്കുന്നു.

6. സെപ്റ്റംബർ മാസം മൃഗസംരക്ഷണ വകുപ്പ് പേവിഷ പ്രതിരോധ കുത്തിവയ്പ് മാസമായി ആചരിക്കുകയാണ്. എല്ലാ വർഷവും ഈ പ്രതിരോധ കുത്തിവയ്പ് യജ്ഞം സെപ്റ്റംബർ മാസത്തിൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ വളർത്തു നായ്ക്കൾക്കും സെപ്റ്റംബർ 15-നകം സൗജന്യ നിരക്കായ 30 രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പ് നൽകി വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

7. മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത ആശ്വാസ (ASWASA – Automated Thermal Stress Alleviator for livestock) യൂണിറ്റ് കറവപ്പശുക്കളിലെ കൂടിയ താപനിലയും ആർദ്രതയും മൂലമുള്ള പാലുൽപാദനത്തിലെ കുറവ് താപആർദ്രത സൂചിക ക്രമീകരിച്ച് പരിഹരിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം അന്താരാഷ്ട്ര റബ്ബർഗവേഷണസ്ഥാപനമായ ഇന്റർനാഷണൽ റബ്ബർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ഇലപ്പൊട്ടുരോഗവുമായി ബന്ധപ്പെട്ട് 'ന്യൂ കൊളെറ്റോട്രിക്കം സർക്കുലർ ലീഫ് സ്പോട്ട് ഡിസീസ് ഐഡന്റിഫിക്കേഷൻ ആന്റ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ അന്താരാഷ്ട്ര ശിൽപശാല സെപ്റ്റംബർ 20 മുതൽ 24 വരെ കോട്ടയത്ത് ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽ വച്ച് നടക്കും. റബ്ബർതോട്ടമേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, എസ്റ്റേറ്റ് ഉദ്യോഗസ്ഥർ, വികസനോദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവരെ ഈ രോഗത്തെ പ്രതിരോധിക്കുന്നതിൽ സജ്ജരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. ശ്രീലങ്ക, തായ്‌ലാൻഡ്, മലേഷ്യ, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കും.

**പരിശീലന പരിപാടികൾ**

9. കേരള കാർഷിക സർവ്വകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 05-നു രാവിലെ 10.30 മുതൽ **ശാസ്ത്രീയ വാഴ കൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ **9188223584, 0495 2935850** എന്നീ ഫോൺ നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യത്തെ 30 പേർക്കാണ് മുൻഗണന.

10. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 5 , 6 തീയതികളിൽ രാവിലെ 10 മണി മുതൽ തീറ്റപ്പുൽക്കൃഷി എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് സെപ്റ്റംബർ 05-ന് പരിശീലനത്തിന് എത്തുമ്പോൾ അടയ്ക്കേണ്ടതും ആധാൻ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രാക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 150 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. **കോട്ടയം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ചീരയിൽ ഇലതീനി പുഴുക്കളെ നിയന്ത്രിക്കാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- മത്തനിൽ പിഞ്ച് കായ്കൾ കൊഴിയുന്നതിനെതിരെ സമ്പൂർണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മത്തൻ തോട്ടത്തിൽ കായീച്ചയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികൾ സ്ഥാപിക്കുക.
- വഴുതന വർഗ്ഗ വിളകളിലെ തൈചീയൽ രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ആഴ്ചയിൽ ഒരിക്കൽ ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം